Page 1 of 2

(സി) കൂട്ടനാട്ടിൽ കൂടുതൽ ബസ് സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടി ഉണ്ടാകുമോ; എങ്കിൽ വിശദ വിവരം ലഭ്യമാക്കുമോ?

കൂട്ടനാട്ടിൽ കൂടുതൽ ബസ് സർവ്വീസുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് സാധ്യതാ പഠനം നടത്തി തുടർനടപടി സ്വീകരിക്കുന്നതാണ്.

തിരുവമ്പാടി കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ നിർമ്മാണം

209 (2929) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താൽക്കാലിക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന തിരുവമ്പാടി കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ നിർമ്മാണത്തിന് നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽനിന്നും 3 കോടി രൂപ അനുവദിച്ചിട്ടും പ്രവൃത്തി ആരംഭിക്കാൻ കഴിയാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കാരണം വിശദമാക്കുമോ?

(എ&ബി) ഉണ്ട്. തിരുവമ്പാടി കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോയ്ക്കുവേണ്ടി പഞ്ചായത്ത് ഏറ്റെടുത്ത് ഡെവലപ്പ് ചെയ്ത് നൽകുവാൻ പോകുന്ന സ്ഥലത്താണ് ടി കെട്ടിടം നിർമ്മിക്കാനുദ്ദേശിച്ചിരിക്കുന്നത്. എന്നാൽ പ്രസ്തുത സ്ഥലം കെ.എസ്. ആർ.ടി.സി.-യുടെ പേരിൽ കൈമാറ്റം ചെയ്ത് ലഭിച്ചിട്ടില്ല. ആയത് കെ.എസ്.ആർ. ടി.സി.-യുടെ പേരിൽ ലഭിക്കുന്ന മുറയ്ക്ക് ഡിപ്പോ നിർമ്മാണം ആരംഭിക്കുന്നതാണ്.

(സി) ടി പ്രവൃത്തിക്ക് പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിനുള്ള സാങ്കേതിക തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) തടസ്സം ഒഴിവാക്കി പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

(സി&ഡി) കെ.എസ്.ആർ.ടി.സി. തിരുവമ്പാടി ഓപ്പറേറ്റിംഗ് സെന്ററിൽ ബഹുമാനപ്പെട്ട മുൻ എം.എൽ.എ. ശ്രീ. ജോർജ് എം. തോമസ് അവർകളുടെ ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിച്ച 2,78,96,160 രൂപ ഉപയോഗിച്ച് തിരുവമ്പാടി കെ.എസ്.ആർ.ടി.സി ഡിപ്പോ നിർമ്മാണം എന്ന പ്രവൃത്തി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി മുഖേന നിർവ്വഹിക്കുന്നതിന് 26-7-2018-ലെ GO (Rt) No. 339/ 2018/ TRANS സർക്കാർ ഉത്തരവുപ്രകാരം ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ടി പ്രവൃത്തി ചെയ്യുന്നതിൽനിന്നും പിൻമാറിയതിനാൽ ടി പ്രവൃത്തിയുടെ നിർവ്വഹണ ചുമതല

LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട് തദ്ദേശസ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ഏൽപ്പിക്കുന്നതിന് എം.എൽ.എ. അറിയിച്ചിരിക്കുന്നതിനാൽ ഇതുസംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. തിരുവമ്പാടി കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോയ്ക്കുവേണ്ടി പഞ്ചായത്ത് ഏറ്റെടുത്ത് ഡെവലപ്പ് ചെയ്ത് നൽകുവാൻ പോകുന്ന സ്ഥലത്താണ് ടി കെട്ടിടം നിർമ്മിക്കുവാനുദ്ദേശിച്ചിരിക്കുന്നത്. എന്നാൽ പ്രസ്തുത സ്ഥലം കെ.എസ്.ആർ.ടി.സി.-യുടെ പേരിൽ കൈമാറ്റം ചെയ്ത് ലഭിച്ചിട്ടില്ല. സ്ഥലം കെ.എസ്.ആർ.ടി.സി.-യുടെ പേരിൽ രജിസ്റ്റർ ചെയ്ത് കിട്ടുന്ന മുറയ്ക്കതന്നെ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

കൂറ്റ്യാടിയിൽ നിന്നും കെ.എസ്.ആർ.ടി.സി.ബസ് സർവ്വീസ്

210 (2930) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂറ്റ്യാടിയിൽനിന്ന് തീക്കുനി, ആയഞ്ചേരി, മേമുണ്ട വഴി വടകരയിൽ എത്തിച്ചേരുന്നതിനും കൂറ്റ്യാടി, വലകെട്ട്, പെരുവയൽ, കാട്ടിയങ്ങാട്, പേരാമ്പ്ര വഴി കോഴിക്കോട് പോകുന്നതിനും പൊതുഗതാഗതമില്ലാതെ ജനങ്ങൾ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കൂറ്റ്യാടിയിൽ നിന്ന് തീക്കുനി, ആയഞ്ചേരി, മേമുണ്ട വഴി വടകരയിൽ എത്തിച്ചേരുന്നതിന് കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് ആരംഭിക്കണം എന്നുള്ള ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കൂറ്റ്യാടി, വലകെട്ട്, പെരുവയൽ, കാട്ടിയങ്ങാട്, പേരാമ്പ്ര വഴി കോഴിക്കോട് എത്തിചേരുന്നതിന് സർവ്വീസ് ആരംഭിക്കണം എന്നുള്ള ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കൂറ്റ്യാടിയിൽ നിന്ന് വ്യാപാരത്തിനും ജോലിക്കും ചികിത്സയ്ക്കുമായി വടകരയിലും കോഴിക്കോടും എത്തിച്ചേരുന്നതിനുള്ള പ്രധാന ഗതാഗത മാർഗ്ഗമായ കെ.എസ്.ആർ.ടി.സി. ബസ്സുകൾ പ്രസ്തുത റൂട്ടുകൾ വഴി സർവ്വീസ് നടത്തുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോയെന്നത് അറിയിക്കാമോ;

(സി) പ്രസ്തുത റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് നടത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കാമോ?

(ബി&സി) കെ.എസ്.ആർ.ടി.സി. ബസ്സുകൾ സർവ്വീസ് നടത്തുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ എന്നത് സംബന്ധിച്ച് സാധ്യതാ പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് സർവ്വീസ് നടത്തുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ സാധ്യതാ പഠനം നടത്തിയതിനുശേഷം മാത്രമേ കൂറ്റ്യാടിയിൽ നിന്ന് വടകരയിലും കോഴിക്കോട്ടേയ്ക്കും സർവ്വീസ് നടത്തുന്നതിനുള്ള സാധ്യത പരിഗണിക്കാൻ സാധിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly